**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 432** — **21-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പച്ചത്തേങ്ങ സംഭരണം പ്രതിസന്ധിയിൽ ആയതുകൊണ്ട് സംസ്ഥാനത്തെ കേര കർഷകർ ദുരിതമനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. ചില ജില്ലകളിൽ നാളികേരത്തിന്റെ മാർക്കറ്റ് വില സർക്കാർ നിശ്ചയിച്ചിരിക്കുന്ന സംഭരണ വിലയേക്കാൾ കുറഞ്ഞതിനെ തുടർന്ന് കർഷകർക്ക് ന്യായ വില ലഭ്യമാക്കാൻ സർക്കാർ നിശ്ചയിച്ച കിലോ ഗ്രാമിന് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമായി നടന്നു വരുന്നു. |
| (ബി) | പച്ചത്തേങ്ങ സംഭരിക്കുന്ന സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ടി വരുന്ന കർഷകർക്ക് വളരെ കുറഞ്ഞ വില മാത്രമാണ് ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹാരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കർഷകർ സംഭരണത്തിനായി സ്വകാര്യ ഏജൻസികളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ കുറഞ്ഞ വില ലഭിക്കുന്നത് സ്വാഭാവികമാണ്. അത്തരം പ്രതിസന്ധികൾ തരണം ചെയ്യുന്നതിന്റെ ഭാഗമായാണ് സർക്കാർ പച്ചതേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32/- രൂപയായി നിശ്ചയിച്ച് സംസ്ഥാനത്തെ പച്ചത്തേങ്ങ സംഭരണ ഏജൻസികളായി കേരഫെഡിനെ ചുമതലപ്പെടുത്തി പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുള്ളത്.<br><br>ആദ്യ ഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നീ 4 കേന്ദ്രങ്ങളിലൂടെയാണ് കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ച് വരുന്നത്.<br><br>പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് |

| | | | |
|---|---|---|---|
| | | | കേരഫെഡിന് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ VFPCK യുടെ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിച്ച് വരുന്നത് .<br><br>കൂടാതെ കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.<br><br>കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യ പത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. |
| (സി) | പ്രാദേശിക തലത്തിൽ കൂടുതൽ സഹകരണ സംഘങ്ങളെ പച്ചത്തേങ്ങ സംഭരണത്തിനായി ചുമതലപ്പെടുത്തുമോ; | (സി) | പ്രാദേശിക തലത്തിൽ ആവശ്യം വരുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളുള്ളതും, സംഘം നിയമാവലിയിൽ കാർഷികോത്പന്ന സംഭരണം ഉൾപ്പെട്ടിട്ടുള്ളതും, സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് പച്ചത്തേങ്ങ സംഭരണം നടത്തുവാൻ തയ്യാറുള്ളതുമായ സഹകരണ സംഘങ്ങളെ പച്ചത്തേങ്ങ സംഭരണത്തിനായി ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | പച്ച തേങ്ങ സംഭരണത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് ഒരു മെച്ചപ്പെട്ട പാക്കേജ് നൽകികൊണ്ട് കേരഫഡ്, നാഫെഡ് എന്നിവ മുഖേന പച്ച തേങ്ങ സംഭരണം കാര്യക്ഷമമായി | (ഡി) | പച്ചത്തേങ്ങ സംഭരണത്തിൽ പങ്കാളികളാകുന്ന സഹകരണ സംഘങ്ങൾ/FPO കൾ/മറ്റ് സംഭരണ ഏജൻസികൾ മുഖേന കേരഫെഡ് പച്ചത്തേങ്ങ സംഭരണം നടത്തുമ്പോൾ പ്രസ്തുത ഏജൻസികൾക്കുണ്ടാകുന്ന അധിക സാമ്പത്തിക |

| | | | |
|---|---|---|---|
| | നടത്തുന്നതിന് കൃഷിവകുപ്പ് മുൻകൈയെടുക്കുമോ; വിശദാംശം നൽകുമോ? | | ബാധ്യതയ്ക്ക് മെച്ചപ്പെട്ട പാക്കേജ് നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ് . |

സെക്ഷൻ ഓഫീസർ